നം:ഇസി1/5762/015.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി: 26.05.2015.

പ്രേഷിതൻ,

വ്യവസായ വാണിജ്യ ഡയറക്ടർ.

സ്വീകർത്താവ്,

1. ഡയറക്ടർ,
കൈത്തറി& ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റ്,
തിരുവനന്തപുരം

2. ഡയറക്ടർ,
കയർ വികസന ഡയറക്ടറേറ്റ്,
തിരുവനന്തപുരം

സർ,

വിഷയം:-വ്യവസായം- സ്ഥാപകം- ജെ.ഡി.സി (2015-16) കോഴ്സ് ആരംഭിക്കുന്ന തീയതി നീട്ടിയത്- സംബന്ധിച്ച്.

സൂചന:- 11.05.2015-ലെ അഡീഷണൽ രജിസ്ട്രാർ / സെക്രട്ടറിയുടെ ടി.ആർ/54/2015 നമ്പർ കത്ത്.

2015-16 വർഷത്തെ ജെ.ഡി.സി കോഴ്സിന്റെ ക്ലാസ്സുകൾ ആരംഭിക്കുന്ന തീയതി : 01.06.2015-ൽ നിന്നും 10.06.2015-ലേക്ക് മാറ്റിയിട്ടുള്ളതായി സൂചന കത്തിലൂടെ അറിയിച്ചിരിക്കുന്നു. ആയതിനാൽ താങ്കളുടെ ഓഫീസിൽ നിന്നും പരിശീലനത്തിനായി നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരെ 2015 ജൂൺ മാസം 10-ാം തീയതി രാവിലെ 09:30 -ന് ബന്ധപ്പെട്ട പരിശീലനകേന്ദ്രം / കോളേജ് പ്രിൻസിപ്പൽ മുമ്പാകെ ഹാജരാകുവാനുള്ള നിർദ്ദേശത്തോടെ യഥാസമയം വിടുതൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ കോഴ്സിനായി അപേക്ഷിച്ചിട്ടുള്ളതും, സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ലാത്തതുമായ ഉദ്യോഗസ്ഥരിൽ നിന്നും ആയത് വാങ്ങി ലഭ്യമാക്കേണ്ടതാണ്. പുതുക്കിയ മാതൃകയിലുള്ള ബോണ്ട് വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

വ്യവസായ വാണിജ്യ ഡയറക്ടർക്കുവേണ്ടി.

പകർപ്പ്:- 1. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, .. .. .. .. .. .. .. .. .. ..
2. പ്രോജക്ട് ഓഫീസർ, പ്രോജക്ട് ഓഫീസ് (കയർ), .. .. .. .. .. .. .. .. .. ..
3. ഡപ്യൂട്ടി ഡയറക്ടർ / അസിസ്റ്റന്റ് ഡയറക്ടർ, കോമൺ ഫസിലിറ്റി സർവ്വീസ് സെന്റർ, ചങ്ങനാശ്ശേരി / മഞ്ചേരി.
4. ഉപജില്ലാ വ്യവസായ ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസ്, .. .. .. .. ..
5. ഇ.എ1 സെക്ഷൻ.

SRV.cv.26.05.15